# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം
(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 മാർച്ച് 6, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയം

ഏഷ്യാനെറ്റ് ന്യൂസിന്റെ കൊച്ചി റീജിയണൽ ഓഫീസിലെ എസ്.എഫ്.ഐ. ആക്രമണം

മി. സ്പീക്കർ: ഏഷ്യാനെറ്റ് ന്യൂസിന്റെ കൊച്ചി റീജിയണൽ ഓഫീസിൽ എസ്.എഫ്.ഐ. പ്രവർത്തകർ അതിക്രമിച്ചുകയറി ജീവനക്കാരെ ഭീഷണിപ്പെടുത്തി ഭീകരാന്തരീക്ഷം സൃഷ്ടിച്ചതുമൂലം സമൂഹത്തിൽ ആശങ്കയുളവായിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി.

കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഏഷ്യാനെറ്റ് ന്യൂസ് ചാനലിൽ 2022 നവംബറിൽ പൊതുവിദ്യാലയങ്ങൾ മയക്കുമരുന്നിന്റെ പിടിയിലാണെന്ന് തെറ്റിദ്ധരിപ്പിക്കുംവിധം പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ സ്കൂൾ യൂണിഫോമിൽ അവതരിപ്പിച്ചുകൊണ്ട് വീഡിയോ സംപ്രേക്ഷണം ചെയ്യുകയുണ്ടായി. 2022 ആഗസ്റ്റ് മാസം മൈനറായ മറ്റൊരു പെൺകുട്ടിയെ ഉപയോഗിച്ച് തയ്യാറാക്കിയ വീഡിയോയിൽ പ്രതിപാദിച്ച കാര്യങ്ങൾ സത്യവിരുദ്ധമാണെന്ന് പോലീസന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. കേസിനാസ്പദമായ വീഡിയോയിലെ ഓഡിയോ സംഭാഷണം മറ്റൊരു കുട്ടിയെ ഉപയോഗിച്ച് പുനഃസൃഷ്ടിച്ച് സംപ്രേക്ഷണം ചെയ്തുവെന്നാണ് പരാതിയിൽ പറയുന്നത്. ഇതുസംബന്ധിച്ച് ശ്രീ. പി. വി. അൻവർ എം.എൽ.എ. സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയ പരാതിയിന്മേൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. ഓഫീസിനുള്ളിലേയ്ക്ക് എസ്.എഫ്.ഐ. പ്രവർത്തകർ അതിക്രമിച്ചുകയറി പ്രവർത്തനം തടസ്സപ്പെടുത്തിയെന്ന സ്ഥാപനത്തിന്റെ പരാതിയിന്മേൽ ഐ.പി.സി.-യിലെ വിവിധ വകുപ്പുകൾപ്രകാരം പാലാരിവട്ടം പോലീസ്

കേസ് രജിസ്റ്റർ ചെയ്യുകയും 8 പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേസിൽ തുടരന്വേഷണം നടന്നുവരികയാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: ലഹരി മാഫിയയ്ക്കെതിരെ സംപ്രേക്ഷണം ചെയ്ത വാർത്തയിൽ പ്രതിഷേധിച്ച് ഏഷ്യാനെറ്റ് ന്യൂസ് ചാനലിന്റെ കൊച്ചി റീജിയണൽ ഓഫീസിൽ എസ്.എഫ്.ഐ. നേതാക്കളുടെ നേതൃത്വത്തിൽ മുപ്പതോളംവരുന്ന പ്രവർത്തകർ അതിക്രമിച്ചുകയറുകയും ജീവനക്കാരെ ഭീഷണിപ്പെടുത്തി പ്രവർത്തനം തടസ്സപ്പെടുത്തുകയും ചെയ്തു. ഒരു മാധ്യമസ്ഥാപനത്തിന്റെ പ്രവർത്തനത്തെ സംബന്ധിച്ച പരാതി പരിഹരിക്കുന്നതിന് വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളാണ് സ്വീകരിക്കേണ്ടത്. മാധ്യമസ്ഥാപനങ്ങളെ ഭീഷണിപ്പെടുത്തുന്നതും മാധ്യമ സ്വാതന്ത്ര്യത്തിന് വിഘാതം സൃഷ്ടിക്കുന്നതുമായ നടപടികളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിക്കൊണ്ടിരിക്കുന്നത്. ചരിത്രത്തിൽ ഇതുവരെ സംഭവിച്ചിട്ടില്ലാത്തതും കിരാതവും മാധ്യമസ്വാതന്ത്ര്യത്തെ ഹനിക്കുന്നതുമായ ഭരണകൂട ഭീകരത നിയമസഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): മാധ്യമ സ്വാതന്ത്ര്യത്തിന് വിലക്കേർപ്പെടുത്തുന്നതോ നിയന്ത്രിക്കുന്നതോ ആയ യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ക്രിമിനൽ

കുറ്റകൃത്യങ്ങളിലേർപ്പെടുന്ന വ്യക്തിക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നത് ബന്ധപ്പെട്ട വ്യക്തിയുടെ തൊഴിൽ നോക്കിയിട്ടല്ല. വ്യാജ വീഡിയോ നിർമ്മാണവും സംപ്രേക്ഷണവും മാധ്യമ പ്രവർത്തനത്തിന്റെ ഭാഗമായി വരുന്നതല്ല. പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ദുരുപയോഗം ചെയ്ത് വ്യാജ വീഡിയോ നിർമ്മിച്ചതിനുശേഷം മാധ്യമ പ്രവർത്തനത്തിന്റെ പരിരക്ഷ വേണമെന്ന് വാദിക്കുന്നത് ധാർമ്മികതയല്ല. ഇത്തരം ദുഷിപ്പുകൾ മാധ്യമരംഗത്ത് ഉണ്ടാകരുതെന്ന് മാധ്യമപ്രവർത്തകരിൽ ഭൂരിഭാഗവും ചിന്തിക്കുന്നത് അഭിമാനകരമാണ്. ഒരു വ്യക്തിക്ക് പരാതി നൽകാൻ സ്വാതന്ത്ര്യമുള്ളതുപോലെതന്നെ പരാതി ലഭിച്ചാൽ അന്വേഷിക്കേണ്ട ബാധ്യത പോലീസിനുമുണ്ട്. സ്വതന്ത്രവും നിർഭയവുമായ മാധ്യമ പ്രവർത്തനത്തിന് എല്ലാ പരിരക്ഷയുമുണ്ടാകും. വിദ്യാർത്ഥികളുടെ പ്രതിഷേധം നിയമത്തിന്റെ അതിര് ലംഘിച്ചിട്ടുണ്ടെങ്കിൽ നടപടിയുണ്ടാകും. കുറ്റകൃത്യത്തെ മാധ്യമസ്വാതന്ത്ര്യത്തിന്റെ പരിവേഷമണിയിച്ച് ന്യായീകരിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നതെങ്കിലും നിയമം നിയമത്തിന്റെ വഴിക്കുതന്നെ പോകും. മയക്കുമരുന്നിനെതിരെ മാധ്യമങ്ങളും ബഹുജന പ്രസ്ഥാനങ്ങളും ജനങ്ങളൊന്നാകെയും പങ്കാളികളാകുകയും ആ പോരാട്ടത്തിൽ പങ്കുചേർന്ന് വാർത്താ പരമ്പര സംപ്രേക്ഷണം ചെയ്യുകയും

ചെയ്തതിൽ സന്തോഷമേയുള്ളൂ. അത്തരമൊരു പരമ്പരയിൽ വ്യാജദൃശ്യങ്ങൾ ചേർത്തും പ്രായപൂർത്തിയാകാത്ത കുട്ടിയെ ദുരുപയോഗം ചെയ്ത് വ്യാജ വീഡിയോ ചിത്രീകരിച്ചും ഗൂഢാലോചന നടത്തിയെന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് പോലീസ് കേസെടുത്തത്. മാധ്യമ വിമർശനങ്ങൾ സ്വയം വിമർശനങ്ങളിലേയ്ക്കും തിരുത്തലിലേയ്ക്കും നയിക്കുമെന്നാണ് കരുതുന്നതെങ്കിലും വ്യാജ വാർത്തകളുണ്ടായാൽ അതിനെ തടയാനുള്ള നിയമങ്ങളെ വെല്ലുവിളിക്കുന്നതും നീതി നടപ്പാക്കുന്നതിന് തടസ്സം നിൽക്കുന്നതും ജനവിരുദ്ധമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധ ക്ഷണിക്കൽ

1. ഇ-പോസ് മെഷീനുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തി റേഷൻ വിതരണം കുറ്റമറ്റതാക്കൽ

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: റേഷൻ വിതരണം സുതാര്യമാക്കുന്നതിനും സ്മാർട്ടാക്കുന്നതിനും സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീനുകളെ സംബന്ധിച്ച് വ്യാപകമായ പരാതികളാണ് ഉയർന്നുവരുന്നത്. റേഷൻ കാർഡുമായി ഒന്നിലധികം ഫോൺ നമ്പരുകൾ ലിങ്ക് ചെയ്യുന്നതിനും ഇ-പോസ് മെഷീനിന്റെ സെർവർ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനും റേഷൻ വിതരണത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട വ്യാജപ്രചാരണങ്ങൾ തടയുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം. ടെക്നോളജി അപ്ഡേറ്റ് ചെയ്യുന്നതോടൊപ്പം ആദിവാസി/മലയോര മേഖലകളിൽ ഇന്റർനെറ്റ് കണക്റ്റിവിറ്റിയില്ലായ്മമൂലം റേഷൻ വിതരണത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്യണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): 2013-ലെ ദേശീയ ഭക്ഷ്യഭദ്രത നിയമത്തിന്റെ ഭാഗമായി 2017 മുതൽ ആധാർ അധിഷ്ഠിത ഇ-പോസ് മെഷീൻ വഴിയാണ് റേഷൻ വിതരണം ചെയ്യുന്നത്. ഗുണഭോക്താക്കളുടെ വിരലടയാളം ഉപയോഗിച്ച് ബയോമെട്രിക് ആതന്റിക്കേഷനിലൂടെ റേഷൻ വിതരണം നടത്തുന്നതിനാൽ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യമാക്കുന്നതിനും യഥാർത്ഥ

ഗുണഭോക്താവിനുതന്നെ അർഹതപ്പെട്ട ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കുന്നുണ്ട്. പ്രസ്തുത സംവിധാനം പരാജയപ്പെട്ടാൽ റേഷൻ കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള മൊബൈൽ നമ്പരിൽ ഒ.ടി.പി. ലഭ്യമാക്കി ഇ-പോസ് മെഷീനിൽ രേഖപ്പെടുത്തിയും റേഷൻ വിതരണം ചെയ്യുന്നുണ്ട്. മേൽ സംവിധാനങ്ങളെല്ലാം പരാജയപ്പെടുന്നപക്ഷം ബില്ലെഴുതി മാന്വലായി റേഷൻ വിതരണം നടത്തുന്നതിന് അനുവാദം നൽകിയിട്ടുണ്ടെങ്കിലും കൃത്രിമത്വം നടക്കുമെന്നതിനാൽ കേന്ദ്ര സർക്കാർ അത് അംഗീകരിക്കുന്നില്ല. സാങ്കേതിക തകരാറുകൾക്കിടയിലും അഞ്ച് മാസത്തിനുള്ളിൽ 80 ശതമാനത്തിലധികം ഗുണഭോക്താക്കൾക്ക് റേഷൻ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. മഞ്ഞ, പിങ്ക്, നീല, വെള്ള കാർഡുടമകൾക്ക് റേഷൻ വാങ്ങുന്നതിന് പ്രത്യേക ദിവസം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. റേഷൻ വിതരണത്തിലെ സാങ്കേതികപ്രശ്നം പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിട്ടുണ്ട്. 134 ആദിവാസി ഊരുകളിലും ക്ഷേമസ്ഥാപനങ്ങൾക്കും സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങൾക്കും അതിദരിദ്രർക്കും റേഷൻ നേരിട്ട് എത്തിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(2) മലപ്പുറം ജില്ലയിൽ ആരോഗ്യമേഖല നേരിടുന്ന വെല്ലുവിളി

ശ്രീ. പി. അബ്ദുൽ ഹമീദ്: മലപ്പുറം ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം താറുമാറാകുകയും പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആശുപത്രികളുടെ പ്രവർത്തനം പ്രതിസന്ധിയിലായിരിക്കുകയുമാണ്. 1970-ലെ സ്റ്റാഫ് പാറ്റേണാണ് നിലനിൽക്കുന്നത്. ജനസംഖ്യാനുപാതികമായി ആരോഗ്യമേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടില്ലെന്നുമാത്രമല്ല ഡോക്ടർമാരുടെയും നഴ്സുമാരുടെയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടെയും അപര്യാപ്തതയുമുണ്ട്. മറ്റ് ജില്ലകളുമായി താരതമ്യം ചെയ്യുമ്പോൾ താലൂക്കാശുപത്രികളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും പി.എച്ച്.സി.-കളും കുറവാണ്. മലപ്പുറം ജില്ലയിൽ ആരോഗ്യമേഖലയിൽ നിലനിൽക്കുന്ന അസന്തുലിതാവസ്ഥയും അടിസ്ഥാനസൗകര്യങ്ങളുടെയും ജീവനക്കാരുടെയും അഭാവവും മരുന്നുകളുടെ ലഭ്യതക്കുറവും പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ആരോഗ്യ കുടുംബക്ഷേമ, ആയുഷ് വകുപ്പുകളിലായി ഏറ്റവും കൂടുതൽ ആരോഗ്യകേന്ദ്രങ്ങൾ/സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മലപ്പുറം ജില്ലയിലാണ്. ആരോഗ്യ വകുപ്പിന്റെ കീഴിൽ 773-ഉം ഭാരതീയ ചികിത്സാ

വകുപ്പിന്റെ കീഴിൽ 125-ഉം ഹോമിയോപ്പതി വകുപ്പിന്റെ കീഴിൽ 103-ഉം ആരോഗ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 581 വിവിധ വിഭാഗം ഡോക്ടർമാരുടെയും മറ്റ് മെഡിക്കൽ/പാരാ മെഡിക്കൽ വിഭാഗം ജീവനക്കാരുടേതുമുൾപ്പെടെ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ 4210 സ്ഥിരം തസ്തികകൾ നിലവിലുണ്ട്. നാഷണൽ ഹെൽത്ത് മിഷൻ മുഖേന വിവിധ തസ്തികകളിലായി 1400-ഓളം ജീവനക്കാരുടെയും വിവിധ ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് 3185 ആശ വർക്കർമാരുടെയും സേവനം ലഭ്യമാക്കുന്നുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി 88 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനും 15 സി.എച്ച്.സി.-കളെ ബ്ലോക്ക് എഫ്.എച്ച്.സി.-കളാക്കാനും 314 ആരോഗ്യ ഉപ കേന്ദ്രങ്ങളെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകളാക്കി മാറ്റുന്നതിനുമുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. മലപ്പുറം ജില്ലയിലെ ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിഫ്ബി മുഖാന്തരം ഭരണാനുമതി നൽകി തുടർപ്രവൃത്തി നടന്നുവരികയാണ്. നബാർഡ് പദ്ധതിയിലുൾപ്പെടുത്തി തിരൂർ ജില്ലാശുപത്രിയിൽ 33.70 കോടി രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിക്കുകയും ഊർങ്ങാട്ടിരി സാമൂഹ്യാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. നാഷണൽ

ഹെൽത്ത് മിഷൻ മുഖേന 2022-24 കാലഘട്ടത്തിൽ 15.14 കോടി രൂപയുടെ അധിക നിർമ്മാണപ്രവർത്തനങ്ങൾ അനുവദിച്ചിട്ടുണ്ട്. നിലമ്പൂർ ജില്ലാശുപത്രിയിൽ 35 ബെഡ് നെഗറ്റീവ് പ്രഷർ വാർഡിനായി 2.28 കോടി രൂപ ചെലവഴിക്കുകയും തിരൂരങ്ങാടി താലൂക്കാസ്ഥാന ആശുപത്രിയിൽ എമർജൻസി ഡിപ്പാർട്ടുമെന്റ്, ഒ.പി. ബ്ലോക്ക് എന്നിവയുടെ നവീകരണത്തിനായി 3 കോടി രൂപ അനുവദിച്ച് പ്രവർത്തനം പുരോഗമിക്കുകയുമാണ്. കാവനൂർ പി.എച്ച്.സി., പരപ്പനങ്ങാടി പി.എച്ച്.സി. എന്നിവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 1.14 കോടി രൂപ, 1.43 കോടി രൂപ എന്ന ക്രമത്തിൽ അനുവദിച്ചിട്ടുണ്ട്. വാളന്തോട് ട്രൈബൽ ഹബ്ബിനുവേണ്ടി കെട്ടിടം നിർമ്മിക്കുന്നതിന് 67.80 ലക്ഷം രൂപയും തിരൂരങ്ങാടി താലൂക്കാസ്ഥാന ആശുപത്രിയിൽ സ്വീവേജ് ട്രീന്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 1.5 കോടി രൂപയും ചാത്തല്ലൂർ എഫ്.എച്ച്.സി.-യിൽ പുതിയ ബ്ലോക്കിന്റെ നിർമ്മാണത്തിനായി 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിൽ കാത്ത്‌ലാബ് സ്ഥാപിക്കുന്നതിനായി 8 കോടി രൂപയും ആർദ്രം പദ്ധതിയുടെ ഭാഗമായ പ്രവർത്തനങ്ങൾക്ക് 2.85 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

## III. സബ്മിഷൻ

### (1) ബ്രഹ്മപുരം മാലിന്യപ്ലാന്റിലെ തീപിടുത്തം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ തീപിടുത്തം പ്രതിരോധിക്കുന്നതിനും അതുമൂലമുണ്ടായ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ തീപിടുത്തമുണ്ടായപ്പോൾത്തന്നെ ഉന്നതതലയോഗം ചേർന്ന് തീ അണയ്ക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടി സ്വീകരിച്ചതുകൂടാതെ വായുവിന്റെ നിലവാരം നിരന്തരമായി മോണിറ്റർ ചെയ്യുന്നുമുണ്ട്. അവിടെ ഗുരുതരമായ ആരോഗ്യപ്രശ്നം നിലനിൽക്കുന്നില്ല. മാലിന്യ കൂമ്പാരത്തിലേയ്ക്ക് എത്തിച്ചേരാനുള്ള റോഡ് സംവിധാനമൊരുക്കുകയും മോണിറ്ററിംഗ് സമിതി യോഗം ചേർന്ന് പരിശോധന നടത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കളമശ്ശേരി മെഡിക്കൽ കോളേജിലും ഡി.എം.ഒ. ഓഫീസിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന രണ്ട് കോൾ സെന്ററുകൾ ആരംഭിക്കുകയും എറണാകുളം സർക്കാർ ആശുപത്രിയിൽ 100 ബെഡ്ഡുകളും തൃപ്പൂണിത്തുറ

താലൂക്കാശുപത്രിയിൽ 20 ബെഡ്ഡുകളും സജ്ജമാക്കുകയും സ്മോക്ക് കാഷ്വാലിറ്റി സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വടവുകോട് സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ 24 മണിക്കൂറും ഡോക്ടർമാരുടെയും മറ്റ് ആശുപത്രികളിൽ പൾമനോളജിസ്റ്റുകളുടെയും സേവനം ലഭ്യമാക്കുകയും ബ്രഹ്മപുരത്ത് രണ്ട് ഓക്സിജൻ പാർലറുകൾ സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ തീ നിയന്ത്രണവിധേയമാക്കിയിട്ടുണ്ട്. തീപിടുത്തത്തിന്റെ കാരണം കണ്ടെത്തുന്നതിനുള്ള അന്വേഷണം നടക്കുന്നുണ്ട്. 500 ടൺ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള വേസ്റ്റ് ടു എനർജി പ്ലാന്റ്, 200 ടൺ മാലിന്യം പ്രതിദിനം സംസ്കരിക്കാൻ ശേഷിയുള്ള ജൈവവള നിർമ്മാണ യൂണിറ്റ് എന്നിവ സജ്ജമാകുന്നതോടുകൂടി കൊച്ചിയിലെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബ്രഹ്മപുരത്ത് 40.24 ഏക്കർ ഭൂമിയിലായി വ്യാപിച്ചുകിടക്കുന്ന 559103 $m^3$ ലെഗസി വേസ്റ്റിൽ 30% ബയോ മൈനിംഗിലൂടെ നീക്കംചെയ്യുകയും അവശേഷിക്കുന്നവ ജൂൺ 30-നകം നീക്കംചെയ്യുന്നതിന് കർശനനിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിൽ അപകടങ്ങളുണ്ടാകാതിരിക്കാൻ ദീർഘകാല നടപടികൾ സ്വീകരിക്കുന്നതിനും 2026-ഓടുകൂടി സമ്പൂർണ്ണമായി

മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്നതിനും ഭരണ-പ്രതിപക്ഷ ഭേദമെന്യേ പിന്തുണയുണ്ടാകണം.

(2) ആശാ വർക്കർമാരുടെ പ്രശ്നങ്ങൾ

ശ്രീ. രമേശ് ചെന്നിത്തല: ആശാ വർക്കർമാരുടെ സേവന-വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഒരു പ്രത്യേക സമിതിയെ നിയോഗിക്കുന്നതിനും തയ്യാറാകണം. ആരോഗ്യ വകുപ്പിലെ ജീവനക്കാർക്ക് ലഭിക്കുന്ന ഏറ്റവും കുറഞ്ഞ ശമ്പള സ്കെയിലിന് തുല്യമായ ഓണറേറിയം ഉറപ്പുവരുത്തുന്നതിനും സർക്കാർ ജീവനക്കാരുടെ ക്ഷാമബത്തയ്ക്ക് ആനുപാതികമായി ഓണറേറിയം വർദ്ധിപ്പിക്കുന്നതിനും ജോലി കൃത്യമായി നിർവ്വചിച്ചുനൽകുന്നതിനും നിശ്ചിത തുക പെർമനന്റ് കൺവേയൻസ് അലവൻസായി നൽകുന്നതിനും എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്/ഇ.എസ്.ഐ. പരിധിയിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പൊതുജനാരോഗ്യ മേഖലയിലെ അവിഭാജ്യഘടകമായ ആശാ വർക്കർമാർക്ക് 6000 രൂപയാണ് ഓണറേറിയമായി നൽകിവരുന്നത്. 2023 ജനുവരി വരെയുള്ള ഓണറേറിയവും ഇൻസെന്റീവും വിതരണം

ചെയ്തിട്ടുണ്ട്. ആശാ വർക്കർമാരുടെ ജോലി കൃത്യമായി നിർവ്വചിക്കുകയും യോഗ്യത, തെരഞ്ഞെടുപ്പ്, പരിശീലനം, സേവന കാലാവധി, ഓണറേറിയം, പ്രശ്നപരിഹാര സംവിധാനങ്ങൾ, സേവനത്തിൽനിന്ന് മാറിനിൽക്കൽ എന്നിവ സംബന്ധിച്ച് സമഗ്രമായ ആശാ പദ്ധതി മാർഗ്ഗരേഖ പരിഷ്കരിച്ചിട്ടുമുണ്ട്. 2022 ഏപ്രിൽ മുതൽ ആശാ വർക്കർമാർക്ക് പ്രതിമാസം 200 രൂപ ടെലഫോൺ അലവൻസായി നൽകുന്നുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ജീവൻ നഷ്ടപ്പെട്ട ആശാ വർക്കർമാരുടെ കുടുംബത്തിന് സഹായം ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആശാ വർക്കർമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചുനൽകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.

(3) ചക്കിട്ടപ്പാറ ഐ.ടി.ഐ. കെട്ടിട നിർമ്മാണം

ശ്രീ. ടി. പി. രാമകൃഷ്ണൻ: ചക്കിട്ടപ്പാറ ഗവ. ഐ.ടി.ഐ.-യ്ക്ക് അനുവദിച്ച ഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപ്പാറ മുതുകാട് ഗവൺമെന്റ് ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അനുവദിച്ച ഭൂമിയിലെ 29

മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി ലേലം നടത്തിയെങ്കിലും അടിസ്ഥാനവില ഉയർന്നതാണെന്ന കാരണത്താൽ ആരും ലേലത്തിൽ പങ്കെടുത്തില്ല. ഐ.ടി.ഐ.-യുടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനായി വനം വകുപ്പിന്റെ പ്രത്യേക ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച് പരിശോധിക്കാനായി വനം, തൊഴിൽ വകുപ്പുമന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ അടുത്ത ആഴ്ച ഒരു ഉന്നതതലയോഗം ചേർന്ന് തുടർനടപടി സ്വീകരിക്കുന്നതാണ്.

## (4) ആയിരവല്ലി പാറ ഖനനം

ശ്രീ. ജി. എസ്. ജയലാൽ: കൊട്ടാരക്കര താലൂക്കിലെ ഇളമാട് വില്ലേജിലെ ആയിരവല്ലി പാറ ഖനനം ചെയ്യുന്നതിന് നൽകിയിരിക്കുന്ന എൻ.ഒ.സി. റദ്ദുചെയ്യുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കൊല്ലം ജില്ലയിലെ കൊട്ടാരക്കര താലൂക്കിലെ ഇളമാട് വില്ലേജിലെ ആയിരവല്ലി പാറ ഖനനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷയിന്മേൽ കൊല്ലം ജില്ലാ കളക്ടർ നിരാക്ഷേപപത്രം നൽകിയതിനെതിരെ പ്രദേശവാസികൾ സമരം സംഘടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. പാറഖനനത്തിനായി

എൻ.ഒ.സി. നൽകിയിരുന്നെങ്കിലും മറ്റ് അനുമതികൾ നൽകാത്തതുമൂലം ഖനനവുമായി ബന്ധപ്പെട്ട യാതൊരു നടപടികളും ഇതുവരെ സ്വീകരിച്ചിട്ടില്ല. പ്രദേശത്തിന്റെ പാരിസ്ഥിതിക പ്രാധാന്യവും പ്രദേശവാസികളുടെ അഭിപ്രായവും കണക്കിലെടുത്തുമാത്രമേ ഇതുമായി ബന്ധപ്പെട്ട തീരുമാനമെടുക്കാൻ പാടുള്ളൂവെന്ന് ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്.

(5) കാരോട്-കുളത്തൂർ കുടിവെള്ള പദ്ധതി

ശ്രീ. കെ. ആൻസലൻ: കാരോട്-കുളത്തൂർ കുടിവെള്ള പദ്ധതി പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട്, കുളത്തൂർ, ചെങ്കൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തിക്ക് ഭരണാനുമതി നൽകുകയും ജലശുദ്ധീകരണശാലയ്ക്കാവശ്യമായ രണ്ട് ഏക്കർ സ്ഥലം റവന്യൂ വകുപ്പ് കേരള ജല അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ആദ്യ ദർഘാസിൽ യോഗ്യത നേടിയ കരാറുകാരൻതന്നെ പുനർ ദർഘാസിലും പങ്കെടുക്കുകയും പ്രസ്തുത പ്രവൃത്തി ടിയാന് നൽകുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിച്ച് മൂന്ന് മാസത്തിനുള്ളിൽ നടപടികൾ പൂർത്തീകരിച്ച് വർക്ക്

അവാർഡ് ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(6) നട്ടിക്കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. എം. വിജിൻ: കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ നട്ടിക്കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): നട്ടിക്കടവിൽ ജലസേചനത്തിനും കുടിവെള്ളത്തിനും ഗതാഗതത്തിനും ഉപകാരപ്രദമായ റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി നടപ്പാക്കുന്നതിന് 8 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. റോഡുകളുമായി ബന്ധപ്പെട്ട കാര്യത്തിൽ തീരുമാനമെടുത്താലുടൻതന്നെ പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(7) കടുവ ആക്രമണം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: മനുഷ്യർക്കും വളർത്തുമൃഗങ്ങൾക്കും നേരെയുള്ള വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനും കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്ക് സ്ഥിരനിയമനം നൽകുന്നതിനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനും ആക്രമണത്തിൽ

കൊല്ലപ്പെടുന്നവരുടെ ആശ്രിതർക്ക് സഹായം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ കടുവകളുടെയും സംസ്ഥാനാടിസ്ഥാനത്തിൽ ആനകളുടെയും സെൻസസ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(8) തൃശ്ശൂർ ജില്ലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ

ശ്രീ. എ. സി. മൊയ്തീൻ: തൃശ്ശൂർ ജില്ലയിൽ വ്യവസായ വകുപ്പിന്റെയും വകുപ്പിന് കീഴിലുള്ള ഏജൻസികളുടെയും കൈവശമുള്ള ഭൂമിയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): തൃശ്ശൂർ ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭൂമി ഉപയോഗപ്പെടുത്തി വ്യത്യസ്ത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. കൊരട്ടിയിൽ കിൻഫ്ര വ്യവസായ പാർക്കിൽ 33 വ്യവസായ സംരംഭങ്ങൾ പ്രവർത്തനസജ്ജമാക്കുകയും പുഴയ്ക്കൽ പാടത്ത് വ്യവസായം ആരംഭിക്കുന്നതിന് 40 ഏക്കർ ഭൂമി കിൻഫ്രയ്ക്ക് കൈമാറുകയും ഭൂമി തരംമാറ്റുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അയ്യന്തോളിൽ വ്യവസായ സമുച്ചയം നിർമ്മിക്കുകയും മുളങ്കുന്നത്തുകാവിൽ കെൽട്രോണിന്റെ കീഴിൽ പുതിയ വ്യവസായ സംരംഭം ആരംഭിക്കുകയും ചെയ്യും.

'സിൽക്ക് '-ൽ ഒരു ഗാൽവനൈസിംഗ് പ്ലാന്റ്, സിൽക്ക് വെഹിക്കിൾ സ്ക്രാപ്പിംഗ് സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(9) തിരുവല്ല ബൈപാസിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് പദ്ധതി

ശ്രീ. മാത്യു ടി. തോമസ്: തിരുവല്ല ബൈപാസിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് കെ.എസ്.ടി.പി. തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): തിരുവല്ല ബൈപാസിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് കെ.എസ്.ടി.പി. തയ്യാറാക്കിയ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. റോഡ് സുരക്ഷാ പദ്ധതികളിലുൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി നടപ്പാക്കാൻ ശ്രമിക്കുന്നതാണ്.

(10) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ വിവിധ റോഡ് പ്രവൃത്തികൾ

ശ്രീ. നജീബ് കാന്തപുരം: ജലവിഭവ/പൊതുമരാമത്ത് വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിന് ഒരു ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനും പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതു പ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): പാലക്കാട്-പെരിന്തൽമണ്ണ റോഡിന് ഭരണാനുമതിയും ആനമങ്ങാട് -മുതുകുറിശ്ശി റോഡിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. ടി റോഡുകളുടെ റെസ്റ്റൊറേഷൻ പ്രവൃത്തികൾ ഉടനെ ആരംഭിക്കുന്നതാണ്. വട്ടപ്പറമ്പ്-പാറക്കണ്ണി വില്ലേജ് റോഡ് ബി.എം.&ബി.സി. ചെയ്ത് നവീകരിക്കുന്നതിന് കരാർ നൽകുകയും മേലാറ്റൂർ-പുലാമന്തോൾ റോഡ് നവീകരണത്തിന് കെ.എസ്.ടി.പി.-ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ജലവിഭവ-പൊതുമരാമത്ത് വകുപ്പുകളുടെ പ്രവർത്തനത്തിലെ ഏകോപനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## IV. ധനകാര്യം

### 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V - ചരക്ക് സേവന നികുതിയും

കാർഷികാദായ നികുതിയും

വില്പന നികുതിയും

(398,56,26,000 രൂപ)

ധനാഭ്യർത്ഥന നമ്പർ VII - മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും

(303,32,81,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ

(4496,59,72,000 രൂപ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ VI - ഭൂനികുതി

(803,55,39,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XI - ജില്ലാഭരണവും പലവകയും

(854,55,16,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXI - ഭവന നിർമ്മാണം

(137,60,32,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XXVI - പ്രകൃതിക്ഷോഭം മൂലമുള്ള
ദുരിതാശ്വാസത്തിന്
(1284,66,00,000 രൂപ)

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയങ്ങളെ

പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയേയും പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. കെ. ബാബു (നെന്മാറ): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തികമായി പിന്നാക്കം നിൽക്കുമ്പോഴും ജനങ്ങൾക്ക് ഉയർന്ന ജീവിത നിലവാരം ഉറപ്പാക്കാൻ സാധിച്ചത് സ്വാഗതാർഹമാണ്. ആഭ്യന്തര വരുമാനത്തിന്റെ ഗണ്യമായ ചോർച്ച തടയാൻ Make in Kerala പദ്ധതി പ്രഖ്യാപിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. ഇറക്കുമതി കൂടുമ്പോൾ

ആനുപാതികമായ നികുതിച്ചോർച്ച തടയാനാവശ്യമായ ഇടപെടൽ ധനമന്ത്രാലയത്തിൽനിന്നുണ്ടാകണം. ആധാറധിഷ്ഠിത യൂണീക് തണ്ടപ്പേർ സംവിധാനത്തിലൂടെ പരിധിക്കപ്പുറത്ത് ഭൂമിയുള്ളവരിൽനിന്നും അവ വീണ്ടെടുത്ത് മിച്ചഭൂമിയായി പ്രഖ്യാപിച്ച് ഭൂരഹിതർക്ക് കൊടുക്കാൻ കഴിയുമെന്നത് ആശാവഹമാണ്. ഡിജിറ്റൽ സർവ്വേ നാലുവർഷംകൊണ്ട് പൂർത്തീകരിക്കാനുള്ള റവന്യൂ വകുപ്പിന്റെ തീരുമാനം സ്വാഗതാർഹമാണ്. വില്ലേജാഫീസുകളുടെ സേവനം ഓൺലൈനാക്കി മാറ്റാൻ കഴിഞ്ഞതും റവന്യൂ സെക്രട്ടേറിയറ്റ്, റവന്യൂ അസംബ്ലികൾ, വില്ലേജുതല ജനകീയ സമിതികൾ എന്നിവയ്ക്ക് രൂപംകൊടുത്തതും പ്രശംസനീയമാണ്. എം.എൻ. ലക്ഷം വീട് പദ്ധതിയിലെ ഇരട്ടവീടുകൾ ഒറ്റവീടാക്കുന്നതിനും നെന്മാറ കേന്ദ്രീകരിച്ച് താലൂക്ക് ഓഫീസ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. പരാതികൾക്കിടനൽകാതെ ശബരിമല തീർത്ഥാടനത്തിന് സജ്ജീകരണങ്ങളൊരുക്കിയ വകുപ്പിനെ അഭിനന്ദിക്കുന്നു. ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള തരിശുഭൂമികൾ ഉപയോഗപ്പെടുത്തുന്നതിനും മലബാർ ദേവസ്വംബോർഡിൽ അടിയന്തരമായി നിയമപരിഷ്കരണം നടത്തുന്നതിനും മുൻകയ്യെടുക്കണം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വയനാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും തുരങ്കപാത യാഥാർത്ഥ്യമാക്കുന്നതിനും സുൽത്താൻ ബത്തേരിയിൽ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നതിനും വന്യമൃഗങ്ങളുടെ ആക്രമണത്തിന് ശാശ്വതപരിഹാരം കാണുന്നതിനും വയനാട് ജില്ലയിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഹൗസിംഗ് ബോർഡിന് നൽകാനുള്ള കുടിശ്ശിക ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. എസ്. സുപാൽ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും വികസന-ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു. പ്രളയ-കോവിഡ് പശ്ചാത്തലത്തിലും ദേശീയ ശരാശരിയേക്കാൾ ഉയർന്ന വളർച്ചാനിരക്ക് കൈവരിക്കാനായത് സർക്കാരിന്റെ പ്രവർത്തന മികവ് വ്യക്തമാക്കുന്നതാണ്. അർഹമായ വിഹിതം നൽകാതെയും ജി.എസ്.ടി. നഷ്ടപരിഹാരത്തുക നിർത്തലാക്കിയും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് വെട്ടിക്കുറച്ചും കടമെടുപ്പ് പരിധി നിയന്ത്രിച്ചും സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്ന കേന്ദ്രസർക്കാർ നിലപാട് ഫെഡറൽ

സംവിധാനത്തോടുള്ള വെല്ലുവിളിയാണ്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന മുദ്രാവാക്യവുമായാണ് റവന്യൂ വകുപ്പ് മുന്നോട്ടുപോകുന്നത്. 'പട്ടയം മിഷൻ' രൂപീകരണത്തിലൂടെ അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും പട്ടയം നൽകാൻ സാധിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ലാൻഡ് ട്രിബ്യൂണലിൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലയോര-ആദിവാസി മേഖലയിലെ അർഹതപ്പെട്ടവർക്ക് പട്ടയം നൽകുന്നതിന് കേന്ദ്രാനുമതി ലഭ്യമാക്കുന്നതിൽ സർക്കാർ ഇടപെടണം. കനാൽ-റോഡ് പുറമ്പോക്കുകൾ, വിവിധ കോളനികൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കണം. ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ ഭൂമിയില്ലാത്ത മുഴുവൻ ആളുകൾക്കും ഭൂമി ലഭ്യമാക്കണം. ഭൂമി തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയതിലൂടെ 1000 കോടി രൂപയിലധികം വരുമാനമുണ്ടാക്കാൻ സാധിച്ചുവെന്നുള്ളത് ശ്രദ്ധേയമാണ്. വാഗ്ദാനങ്ങൾ പാലിച്ചുകൊണ്ട് ജനവിശ്വാസമാർജ്ജിച്ച് മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാരിന്റെ കൊള്ളരുതായ്മയും തെറ്റായ സാമ്പത്തിക നയവുംമൂലം

ജനങ്ങൾ ബുദ്ധിമുട്ടുകയാണ്. നികുതി കുടിശ്ശിക പിരിച്ചെടുക്കാതെ പെട്രോൾ/ഡീസൽ എന്നിവയ്ക്ക് സെസ് ഏർപ്പെടുത്തുകവഴി ജനങ്ങളുമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. ബാർ ഹോട്ടലിന്റെ പിഴയിനത്തിലെ തുകയും ബാർ കൈമാറ്റ ഫീസിലെ കുടിശ്ശികയും പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. ഐ.ജി.എസ്.ടി., ജി.എസ്.ടി. നഷ്ടപരിഹാരത്തുക വാങ്ങിയെടുക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. ഭൂമിയുടെ ന്യായവില നിശ്ചയിച്ചതിലുള്ള അപാകത പരിഹരിക്കണം. പ്രളയഫണ്ട്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി എന്നിവയിലെ തട്ടിപ്പ് പാവപ്പെട്ട ജനങ്ങളോടുള്ള വെല്ലുവിളിയാണ്.

ശ്രീ. കെ. വി. സുമേഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതം വെട്ടിച്ചുരുക്കിയും ഗാർഹിക-വാണിജ്യ പാചകവാതക സിലിണ്ടറുകളുടെ വില വർദ്ധിപ്പിച്ചും ഫെഡറൽ സംവിധാനത്തിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്ന കേന്ദ്രസർക്കാരിനെതിരെ പ്രതിഷേധിക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് ഖേദകരമാണ്. ബഡ്ജറ്റിന് പുറത്ത് ധനസമാഹരണം നടത്തി സമ്പദ്ഘടനയെ മെച്ചപ്പെടുത്തിയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആധുനികവത്കരിച്ചും പട്ടയ വിതരണം നടത്തിയും ഡിജിറ്റൽ സർവ്വെ

ഏർപ്പെടുത്തിയും വില്ലേജാഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയും ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിയും സമസ്ത മേഖലകളിലും പുരോഗതി കൈവരിച്ച ഗവൺമെന്റാണിത്. പ്രതിസന്ധിഘട്ടത്തിലും 62 ലക്ഷം കുടുംബങ്ങൾക്ക് ക്ഷേമപെൻഷൻ നൽകാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തെ തകർക്കാൻ ശ്രമിക്കുന്ന കേന്ദ്രസർക്കാർ നയത്തിനെതിരെ ഒറ്റക്കെട്ടായി പ്രതിഷേധിക്കേണ്ടതാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഡിജിറ്റൽ കേരള പദ്ധതിയോടൊപ്പം വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഇന്റഗ്രൽ പോർട്ടൽ രൂപീകരിച്ച് ഭൂപ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുന്നതിനായി ഭൂമി അളന്ന് തിട്ടപ്പെടുത്താനുള്ള റവന്യൂ വകുപ്പിന്റെ തീരുമാനം സ്വാഗതാർഹമാണ്. വില്ലേജ് ഓഫീസുകൾ സ്മാർട്ടാകുന്നതിനോടൊപ്പം റവന്യൂ വകുപ്പും സ്മാർട്ടാകുന്നത് കേരളത്തിലെ ഭരണസംവിധാന മികവിനെയാണ് ചൂണ്ടിക്കാണിക്കുന്നത്. പതിനാലാം ധനകാര്യ കമ്മീഷന്റെ ഫോർമുലപ്രകാരം സംസ്ഥാനങ്ങൾക്ക് സെൻട്രൽ പൂളിൽനിന്ന് ലഭിക്കാനുള്ള പണം വിഭജിക്കാനുള്ള തീരുമാനം തികച്ചും ഭരണഘടനാവിരുദ്ധവും അതിനെതിരെ പ്രതിഷേധിക്കാത്ത പ്രതിപക്ഷ

നിലപാട് അപലപനീയവുമാണ്. ഇ-വേ ബില്ലും ഇ-ഇൻവോയിസും ഉൾപ്പെടെയുള്ള പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തി സംസ്ഥാനത്തിന് ലഭിക്കാനുള്ള ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. ശബരിമല തീർത്ഥാടനകാലം പരാതിക്കിടയില്ലാത്തവിധം കൈകാര്യം ചെയ്യാൻ കഴിഞ്ഞ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

ശ്രീ. അനൂപ് ജേക്കബ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കുന്ന പദ്ധതി സ്വാഗതാർഹമാണെങ്കിലും സേവനങ്ങൾകൂടി സ്മാർട്ടാകേണ്ടതുണ്ട്. ഭൂമി തരംമാറ്റുന്ന വിഷയത്തിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാനും റീ-സർവ്വേ നടത്തുന്നതിലുള്ള പരാതി പരിഹരിക്കാനും പുഴ/കനാൽ പുറമ്പോക്ക് തുടങ്ങിയ സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകാനും പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിനും കാലവർഷക്കെടുതിമൂലം വീടുകൾക്കും മറ്റ് ജീവജാലങ്ങൾക്കുമുണ്ടാകുന്ന നാശനഷ്ടത്തിന് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. ബ്രഹ്മപുരത്തെ മാലിന്യക്കുമ്പാരത്തിലുണ്ടായ തീപിടുത്തം ആവർത്തിക്കാതിരിക്കുന്നതിനുള്ള മുൻകരുതലെടുക്കാനും ഇതുസംബന്ധിച്ച് അന്വേഷണം നടത്താനും സർക്കാർ തയ്യാറാകണം.

<u>ശ്രീമതി കാനത്തിൽ ജമീല</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തെ വികസന പദ്ധതികൾക്ക് കടിഞ്ഞാണിടാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. റവന്യൂ വരുമാനത്തിന്റെ 64 ശതമാനവും നികുതി പിരിവിലൂടെയാണ് സംസ്ഥാനം കണ്ടെത്തുന്നത്. പട്ടയ വിതരണം കാര്യക്ഷമമായി നടത്തുന്നതും ഡിജിറ്റൽ റീസർവ്വേ പദ്ധതി ആരംഭിച്ചതും വില്ലേജുതല ജനകീയ സമിതികളെ പുന:സംഘടിപ്പിച്ചതും യുണീക് തണ്ടപ്പേർ, ഇ-സ്റ്റാമ്പിംഗ് സംവിധാനങ്ങളേർപ്പെടുത്തിയതും വില്ലേജ് ഓഫീസുകളെ സ്മാർട്ടാക്കുന്നതും അഭിനന്ദനാർഹമാണ്. ക്ഷേത്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റുമായി ദേവസ്വം ബോർഡുകൾക്ക് തുക വകയിരുത്തിയത് സ്വാഗതാർഹമാണ്.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. അടിസ്ഥാന സൗകര്യ വികസനം, ഉന്നത വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിൽ നിരവധി പദ്ധതികൾ പ്രഖ്യാപിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതോടൊപ്പം ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വ്യാവസായിക കാർഷിക മേഖലകൾ മെച്ചപ്പെടുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നികുതി കുടിശ്ശിക കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനും റവന്യൂ വരുമാനത്തിൽ ഗണ്യമായ

വർദ്ധനവുണ്ടാക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കിഫ്ബിയിലൂടെ സ്വരൂപിക്കുന്ന തുക കടമെടുപ്പ് പരിധിയിൽകൊണ്ടുവരുന്ന കേന്ദ്ര നിലപാട് സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്നതും ക്ഷേമപ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നതുമാണ്. സംസ്ഥാനം കടക്കെണിയിലാണെന്ന വ്യാജപ്രചാരണമാണ് പ്രതിപക്ഷം നടത്തുന്നത്. സംസ്ഥാനങ്ങളുടെ കടമെടുപ്പ് പരിധി പൂർവ്വസ്ഥിതിയിലാക്കണം. പട്ടയവിതരണം ഊർജ്ജിതപ്പെടുത്തുന്നതിന് സർക്കാർ ആവിഷ്കരിച്ച വിവിധ പദ്ധതികൾ സ്വാഗതാർഹമാണ്. ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കിക്കൊണ്ട് സമയബന്ധിതമായി പട്ടയം നൽകുന്നതിനും 'യൂണീക് തണ്ടപ്പേർ' സംവിധാനത്തിലൂടെ അധികഭൂമി ഏറ്റെടുത്ത് ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് നൽകുന്നതിനും നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള 2.5 ലക്ഷം തരംമാറ്റൽ അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കാനുമുള്ള നടപടികൾ ശ്രദ്ധേയമാണ്.

ശ്രീ. യു. എ. ലത്തീഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കെട്ടിടനികുതിയിൽ ഇളവ് വരുത്തി മാതൃകാ വാടക പരിഷ്കരണ നിയമം ആവിഷ്കരിക്കാനും ഭൂമിയുടെ ഫെയർവാല്യൂ ശാസ്ത്രീയമായി പരിഷ്കരിച്ച്

അപാകതകൾ പരിഹരിക്കാനും സാധിക്കണം. മഞ്ചേരി മെഡിക്കൽ കോളേജിന്റെയും ജില്ലാ ആശുപത്രിയുടെയും വികസനത്തിനായി കണ്ടെത്തിയ ഭൂമിയേറ്റെടുക്കാനും മഞ്ചേരി പുല്ലൂർ യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്താനും എളമ്പ്രയിൽ എൽ.പി. സ്കൂൾ ആരംഭിക്കാനും മഞ്ചേരി മുനിസിപ്പൽ ബസ്സ്റ്റാൻഡിൽ പ്രവർത്തിച്ചിരുന്ന സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിക്കാനും മണ്ഡലത്തിലെ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ അടിയന്തരമായി പുനർനിർമ്മിക്കാനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. വി. അൻവർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാന ഗവൺമെന്റിനെതിരെ കേന്ദ്ര ഗവൺമെന്റ് സാമ്പത്തികമായി പ്രതിരോധം തീർക്കുമ്പോഴും അതിനെയെല്ലാം മറികടന്ന് ജനങ്ങൾക്ക് ആശ്വാസം പകരുന്ന നിരവധി പദ്ധതികൾ തുടർന്നുകൊണ്ടുപോകുകയും നാടിന്റെ പൊതുവായ വികസനം ഉറപ്പുവരുത്തുകയും ചെയ്യുന്ന ഈ ഗവൺമെന്റിന്റെ നടപടികളെ അഭിനന്ദിക്കുകയാണ്.

<u>ശ്രീ. കെ. പി. മോഹനൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ നിലപാടുകൾക്കെതിരെ പ്രതിഷേധിക്കാത്ത പ്രതിപക്ഷനിലപാട് ഖേദകരമാണ്. ആധാർ അധിഷ്ഠിത ഭൂമി രജിസ്ട്രേഷനും ഇ-സ്റ്റാമ്പിംഗ് പദ്ധതിയും നടപ്പിലാക്കി. ആധാരങ്ങളുടെ സാക്ഷ്യപ്പെടുത്തിയ

പകർപ്പുകൾ പരീക്ഷണാടിസ്ഥാനത്തിൽ ഓൺലൈൻ വഴി നൽകിയതും വാണിജ്യ ബാങ്കുകളിൽനിന്നും സൂക്ഷ്മ-ചെറുകിട വ്യവസായങ്ങൾക്കുള്ള വായ്പാകരാറുകൾക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം നടപ്പിലാക്കിയതും വിരൽപതിപ്പും ഫോട്ടോയും ഡിജിറ്റൽ രൂപത്തിൽ ആധാരത്തിന്റെ ഭാഗമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതും ബാധ്യത സർട്ടിഫിക്കറ്റ് ഓൺലൈൻ മുഖാന്തരമാക്കിയതും അഭിനന്ദനാർഹമാണ്. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി അടയ്ക്കേണ്ടിവരുന്ന മുദ്രപത്രങ്ങൾക്ക് ഇ-സ്റ്റാമ്പിംഗും ആധാരം രജിസ്റ്റർ ചെയ്യുന്നതിന് any where registration സൗകര്യവും ഏർപ്പെടുത്തിയത് പ്രശംസനീയമാണ്. നികുതി വരുമാന ചോർച്ച ഒഴിവാക്കുന്നതിനായി ആവിഷ്കരിച്ച ലക്കി ബിൽ പദ്ധതി വിജയകരമായി നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ജി.എസ്.ടി. വെട്ടിപ്പ് തടയുന്നതിനായി അതിർത്തിയിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ വിന്യസിച്ചതുവഴി അന്തർസംസ്ഥാന നികുതി വെട്ടിപ്പ് തടയാൻ സാധിച്ചതും പട്ടയരഹിതരായ മുഴുവൻ ആളുകൾക്കും പട്ടയം നൽകാനുള്ള നടപടി സ്വീകരിച്ചതും അഭിമാനാർഹമായ നേട്ടമാണ്.

ശ്രീമതി ശാന്തകുമാരി കെ.: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്രസർക്കാർ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുമ്പോഴും

ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരിനെ അഭിനന്ദിക്കുകയാണ്. ആധാർ അധിഷ്ഠിത യുണീക് തണ്ടപ്പേർ നടപ്പിലാക്കിയത് പ്രശംസനീയമാണ്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ലാൻഡ് ബാങ്ക് മുഖേന നൽകുന്ന ഭൂമിക്ക് രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കാനും വനാതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ വീട് നിർമ്മാണത്തിന് എൻ.ഒ.സി. ലഭ്യമാക്കാനും കോങ്ങാട് മണ്ഡലത്തിലെ തിരുമാന്ധാംകുന്ന് ദേവീക്ഷേത്രത്തിന്റെ തരിശുകിടക്കുന്ന ഭൂമി പ്രയോജനപ്പെടുത്താനും മലബാർ ദേവസ്വം ബോർഡിന് പൊതുഭരണ സംവിധാനം കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീമതി ഉമ തോമസ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോടിക്കണക്കിനുള്ള കിട്ടാക്കടങ്ങൾ പിരിച്ചെടുക്കുന്നതിനുപകരം സാധാരണ ജനങ്ങളുടെമേൽ വീണ്ടും നികുതി ഏർപ്പെടുത്തുന്നത് പ്രതിഷേധാർഹമാണ്. പെട്രോളിനും ഡീസലിനും ലിറ്ററിന് രണ്ട് രൂപ വീതം സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയ നടപടി പുനർവിചിന്തനാർഹമാണ്. മദ്യത്തിന് നികുതി വർദ്ധിപ്പിക്കുന്നത് മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാനാണെന്ന് പറയുകയും കൂടുതൽ ബാർ ലൈസൻസ് അനുവദിക്കുകയും ചെയ്യുന്ന നടപടി അപലപനീയമാണ്. രണ്ട് വീടുകളുള്ളവർക്ക് അധിക നികുതി

ഏർപ്പെടുത്തിയതും സ്ഥലം സന്ദർശിക്കാതെ ഭൂമിയുടെ താരിഫ് വാല്യൂ കണക്കാക്കുന്ന രീതിയും പുന:പരിശോധിക്കപ്പെടണം. കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ പൊതുമേഖലയിൽ സംരക്ഷിച്ച് നിർത്തുന്നതിനും അങ്കണവാടി ടീച്ചർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ബ്രഹ്മപുരം മാലിന്യ സംസ്കരണശാലയിലെ മാലിന്യംമൂലം പ്രദേശവാസികൾക്ക് ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നത് പരിഹരിക്കുകയും തീപിടുത്തമുണ്ടായതിനെ സംബന്ധിച്ച് അന്വേഷണം നടത്തുകയും വേണം. മാധ്യമ പ്രവർത്തകർക്കുനേരെ ആക്രമണം നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. കെ. വിജയൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട ലിസ്റ്റിൽ പേരുവന്നിട്ടുള്ളതും ഭൂമിയില്ലാത്തതുമായ ആളുകൾക്ക് വീട് നൽകുന്ന കാര്യം പരിഗണിക്കണം. ലാൻഡ് ട്രിബ്യൂണൽ കേസുകൾ സമയബന്ധിതമായി പൂർത്തിയാക്കി 23000 ഏക്കർ ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാനുള്ള നടപടി സ്വാഗതാർഹമാണ്. പട്ടയം മിഷൻ, ഇ-പട്ടയം, ഡിജിറ്റൽ റീ-സർവ്വേ എന്നിവ റവന്യൂ വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വ്യാജ പട്ടയങ്ങൾ തടയുന്നതിനും സഹായകരമാണ്. യുണീക് തണ്ടപ്പേർ

സംവിധാനം ഏർപ്പെടുത്തിയതും വില്ലേജ് ഓഫീസുകൾ സ്മാർട്ടാക്കുന്നതും മിത്രം ഓൺലൈൻ പോർട്ടൽ സെൽ, ജില്ലാ റവന്യൂ അസംബ്ലി, വില്ലേജുതല ജനകീയ സമിതികൾ എന്നിവയും എടുത്തുപറയത്തക്ക നേട്ടങ്ങളാണ്. ഭൂമി തരംമാറ്റലിനുള്ള 2.50 ലക്ഷം അപേക്ഷകൾ പരിഹരിക്കാനായതും മെഡിക്കൽ കോളേജുകളിൽ ആശ്വാസ വാടക വീടുകൾ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചതും ശ്രദ്ധേയമാണ്.

<u>ശ്രീ. ഡി. കെ. മുരളി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ജനക്ഷേമ പദ്ധതികൾ ലക്ഷ്യമാക്കി മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. സാമ്പത്തികമായി സർക്കാരിനെ ഞെരുക്കുന്ന കേന്ദ്ര സർക്കാർ സമീപനം അപലപനീയമാണ്. ജി.എസ്.ടി. കോമ്പൻസേഷൻ പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. 62 ലക്ഷം കുടുംബങ്ങൾക്കുള്ള സാമൂഹ്യക്ഷേമ പെൻഷൻ മുടങ്ങാതിരിക്കാനാണ് പെട്രോളിയം ഉത്പന്നങ്ങളുടെമേൽ അധിക നികുതി ചുമത്തിയത്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' പദ്ധതി ആവിഷ്കരിച്ചതും രജിസ്ട്രേഷൻ വകുപ്പിനെ ആധുനികവത്കരിച്ച നടപടിയും സ്വാഗതാർഹമാണ്. ആക്ഷേപത്തിനിട നൽകാതെ, രാജ്യത്തിന് മാതൃകയായി മുന്നോട്ടുപോകുന്ന സർക്കാരിന്റെ പ്രവർത്തനങ്ങൾ

അഭിനന്ദനാർഹമാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷന്റെ ഡാറ്റപ്രകാരം കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതിനാൽ ഐ.ജി.എസ്.ടി.-യുടെ ഏറ്റവും കൂടിയ വരുമാനം കേരളത്തിന് ലഭിക്കേണ്ടതാണ്. റവന്യൂ റെസീപ്റ്റിൽ നെഗറ്റീവ് ഗ്രോത്ത് റേറ്റ് ഉണ്ടായത് അപലപനീയമാണ്. യു.ഡി.എഫ്. ഭരണകാലത്ത് 18 മാസത്തെ സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശികയായിരുന്നുവെന്ന് പറയുന്നത് അടിസ്ഥാനരഹിതമാണ്.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സാമൂഹ്യസുരക്ഷ പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടായിരുന്നുവെന്നുള്ളത് വസ്തുതയാണ്. സർക്കാരിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന് പറയുന്ന നിലപാട് ശരിയല്ല. റവന്യൂ വരുമാനത്തിൽ കേരളത്തിന് അഞ്ചാം സ്ഥാനം അഭിമാനാർഹമാണ്.

കോവിഡ് കാലത്ത് സാമ്പത്തിക സ്ഥിതിയിൽ നെഗറ്റീവ് ഗ്രോത്തുണ്ടായെങ്കിലും ജനങ്ങൾക്കാവശ്യമായ ഭക്ഷണവും ചികിത്സയും ഉറപ്പുവരുത്താൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ഡിവിസിബിൾ പൂളിൽനിന്നുള്ള വിഹിതവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കുറച്ചതും

കിഫ്ബി ലോണുകൾ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യതയിൽ ഉൾപ്പെടുത്തിയതും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതും സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ 63 ശതമാനവും സ്വയാർജ്ജിത വരുമാനമാണ്. തൊഴിലുറപ്പ് പദ്ധതിക്കുള്ള ധനസഹായവും ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ഗ്യാസ്/ഭക്ഷ്യ സബ്സിഡിയും വെട്ടിക്കുറച്ച കേന്ദ്ര നടപടിക്കെതിരെ സംയുക്ത പ്രതിഷേധം നടത്താൻ പ്രതിപക്ഷം തയ്യാറാകണം. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള ശ്രമങ്ങളെ പിന്തുണയ്ക്കണം. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): അത്യാധുനിക സാങ്കേതികവിദ്യയുടെയും ഉപകരണങ്ങളുടെയും സഹായത്തോടെ ആരംഭിച്ച ഡിജിറ്റൽ റീസർവ്വേ ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ പൂർത്തീകരിക്കുന്നതിലേയ്ക്കായി 1500 സർവ്വേയർമാരെയും 3200 ഹെൽപ്പർമാരെയും താത്കാലികാടിസ്ഥാനത്തിൽ നിയമിച്ച് പരിശീലനം നൽകിയിട്ടുണ്ട്. സർവ്വേ സംബന്ധിച്ച മുഴുവൻ വിവരങ്ങളും 'എന്റെ ഭൂമി '

ഇന്റഗ്രൽ പോർട്ടലിൽ ലഭ്യമാക്കും. ആദ്യഘട്ടത്തിൽ സർവ്വേ പൂർത്തിയാകുന്ന 15 വില്ലേജുകളിൽ ഇന്റഗ്രൽ പോർട്ടൽ ഈ വർഷം പ്രാവർത്തികമാക്കും. സർവ്വേയ്ക്കുശേഷം ഭൂമിയുടെ വിസ്തീർണ്ണം കൈവശരേഖയിലുള്ളതിനേക്കാൾ കൂടുതലാണെന്ന് കണ്ടെത്തിയാൽ ആയത് ക്രമീകരിക്കുന്നതിന് സെറ്റിൽമെന്റ് ആക്ട് കൊണ്ടുവരുന്ന കാര്യം പരിഗണനയിലാണ്. വിവിധ ഭവനനിർമ്മാണ പദ്ധതികൾപ്രകാരം ഭവനനിർമ്മാണ ബോർഡ് 7 ലക്ഷത്തിലധികം ഭവനങ്ങൾ പൂർത്തീകരിക്കുകയും ബോർഡിന്റെ ആസ്തി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. എം.എൻ. ലക്ഷം വീട് പദ്ധതിയിലുള്ള ഇരട്ടവീടുകൾ ഒറ്റവീടുകളാക്കുന്നതിന് എം.എൻ. സുവർണ്ണ ഭവനം, എം.എൻ. നവയുഗ ലക്ഷം വീട് എന്നീ പദ്ധതികളും എരുമേലിയിൽ ഡിവോഷണൽ ടൂറിസം ഹബ്ബും ഇടുക്കി മെഡിക്കൽ കോളേജിന് സമീപം ഡോക്ടേഴ്സ് റസിഡൻസും സ്റ്റുഡന്റ്സ് ഹോസ്റ്റലുകളും ആരംഭിക്കും. കൊച്ചി മറൈൻ ഡ്രൈവിൽ ഇക്കോ ബിസിനസ് ഹബ്ബിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' എന്ന മുദ്രാവാക്യത്തോടെ ശ്രദ്ധേയമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പട്ടയം മിഷനിൽ മലയോര ആദിവാസികൾക്ക് പട്ടയം നൽകാനായി പ്രത്യേക എസ്.ഒ.പി.

തയ്യാറാക്കിയിട്ടുണ്ട്. അസൈൻമെന്റ് ഓർഡർ ലഭിച്ചിട്ട് പണമടയ്ക്കാൻ സാധിക്കാത്തവർക്ക് അതിനുള്ള അവസരം നൽകുന്നതിനും സർക്കാർ അനുവദിച്ച ഫ്ലാറ്റുകളിലും കെട്ടിടസമുച്ചയങ്ങളിലും താമസിക്കുന്നവർക്ക് ഭൂമിയുടെ ആനുപാതിക അവകാശം നൽകുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പ്രവാസി സെൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2023 നവംബർ 1-ാം തീയതിയോടെ വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെയുള്ള റവന്യൂ വകുപ്പിന്റെ എല്ലാ ഓഫീസുകളിലും സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ നടപ്പാക്കുന്നതിനും റവന്യൂ ഇ-സാക്ഷരത പദ്ധതിക്ക് തുടക്കം കുറിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഭൂപതിവ് നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് പരിശോധിച്ചുവരികയാണ്. ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): ജില്ലയിലെ ഏത് രജിസ്ട്രാർ ഓഫീസിലും ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ആധാരം രജിസ്റ്റർ ചെയ്യുന്ന ദിവസംതന്നെ പോക്കുവരവ് ചെയ്തുകൊടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. സബ്‍രജിസ്ട്രാർ ഓഫീസുകളിലെ സേവനങ്ങൾ

ഓൺലൈനാക്കി മാറ്റുകയും  ഇടപാട് നടത്തുന്ന വ്യക്തികൾക്ക് സ്വന്തമായി ആധാരം തയ്യാറാക്കി രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലക്ഷം രൂപയിൽ കൂടുതൽ മുദ്രവില കൊടുക്കേണ്ടിവരുന്ന ആധാരങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും ഓൺലൈനായി ഗഹാൻ സമ്പ്രദായം നടപ്പാക്കുകയും മുൻ ആധാരങ്ങളെല്ലാം ഡിജിറ്റലൈസ് ചെയ്യാനുള്ള നടപടികൾ  ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷനുകൾ മുൻകൂട്ടി നടത്തുന്നതിനും സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനും സംവിധാനമൊരുക്കിയിട്ടുണ്ട്. ഈ വർഷം ഫെബ്രുവരി മാസംവരെ രജിസ്ട്രേഷൻ വകുപ്പിന് 4700 കോടി രൂപയുടെ വരുമാനമുണ്ടായിട്ടുണ്ട്. ധനാഭ്യർത്ഥന പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും അഴിമതിയും കെടുകാര്യസ്ഥതയും ഇല്ലാതാക്കാനും ദേവസ്വം ബോർഡിൽ ഇന്റേണൽ ഓഡിറ്റ് ശക്തിപ്പെടുത്താനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേത്രങ്ങളിലെ

വരുമാനം അവയുടെ പുരോഗതിക്കുവേണ്ടി ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുന്നത്. തരിശായി കിടക്കുന്ന ക്ഷേത്രവക സ്ഥലങ്ങൾ ഉപയുക്തമാക്കുന്നതിനാവശ്യമായ ചർച്ചകൾ നടന്നുവരികയാണ്. ക്ഷേത്രങ്ങളിലെ വഴിപാടിതര വരുമാനങ്ങൾ വർദ്ധിപ്പിക്കാനും ക്ഷേത്രങ്ങളുടെ ഭൗതികാന്തരീക്ഷത്തിൽ മാറ്റങ്ങളുണ്ടാക്കാനുമുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ദേവസ്വം ബോർഡിന്റെ വരുമാനം ഗവൺമെന്റ് ഉപയോഗപ്പെടുത്തുന്നുവെന്ന ആക്ഷേപം വസ്തുതാവിരുദ്ധമാണ്. ദേവസ്വം ബോർഡുകളെ മഹത്തായ പ്രസ്ഥാനമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളുമായാണ് മുന്നോട്ടുപോകുന്നത്. അടുത്ത സാമ്പത്തിക വർഷമെങ്കിലും ദേവസ്വത്തിനുവേണ്ടി പ്രത്യേക ഹെഡ്ഡ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിച്ചു.

ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയും ഭവന നിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയും

പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയും ശബ്ദവോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.26 -ന് പിരിഞ്ഞു.

****